മിസ്റ്റർ ബി. എം. പീറർ : പണികളിൽ ടെണ്ടർസേവിംഗ്സ് ഒഴിച്ചു കുറെ സംഖ്യ വന്നുകൂടും. അതെങ്കിലും ഇതിലേയ്ക്കായിട്ടുപയോഗിക്കാനുള്ള മനോഭാവം ഗവർമ്മെണ്ടിനുണ്ടോ എന്നാണെന്റെ ചോദ്യം.

Dr. T. Verghese *(Chief Medical Officer):* I am not very sure about that. But the question of conducting a suitable Hospital building for Kandakkadavu has been considered and the Chief Engineer has submitted an estimate of Rs. 34,000. Somehow or other, it could not be taken up. We will look into the matter again.

മിസ്റ്റർ ബി. എം പീറർ : അനുഭാവപൂർവ്വമായ മറുപടികിട്ടിയതിൽ ഞാൻ വളരെ കൃതാർത്ഥനായിരിക്കുന്നു. ആയതിനാൽ ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion by leave withdrawn

Cut Motion No. 24.
Building a Suitable Ladies Hostel at Ernakulam

*Mrs. Thankamma N. Menon *(Ernakulam-Women):* Sir I move *to reduce the allotment of Rs. 1,10,670 for Civil Engineering—Buildings—Original Works by Rs. 2. (To urge upon the Government the immediate necessity of building a suitable ladies hostel at Ernakulam)*

സർ, ഉന്നതവിദ്യാഭ്യാസത്തിന്നായി അന്യദേശങ്ങളിൽനിന്നു എറണാകുളത്തുവരുന്ന വിദ്യാർത്ഥിനികൾക്കു പഠിച്ചുതാമസിക്കുന്നതിനുള്ള സൌകര്യത്തിനായി കഴിയുന്നതുംവേഗത്തിൽ ഒരു ഹോസ്റ്റൽ കെട്ടിടം ഉണ്ടാക്കികൊടുക്കേണ്ടതാണെന്നാണു് എന്റെ ഈ ഉപക്ഷേപംകൊണ്ടു് ആവശ്യപ്പെടുന്നതു്. കൊച്ചി രാജ്യം ഇൻഡ്യയിലെ മറ്റേതുനാട്ടുരാജ്യത്തേക്കാളും സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ ഏറ്റവും മുന്നണിയിലാണു നില്ക്കുന്നതെന്നു നമുക്കെല്ലാം അഭിമാനിക്കാം. എന്നാൽ ഉന്നതവിദ്യാഭ്യാസം സ്ത്രീകളുടെ ഇടയിൽ വളരെ കുറവായിട്ടാണിരിക്കുന്നതു് എന്നുപറയാതെ നിവൃത്തിയില്ല. എന്തെന്നാൽ സ്ത്രീകൾക്കു സൌകര്യമായി പഠിക്കുന്നതിന്നു് എറണാകുളത്തു രണ്ടു കോളേജുകളാണുള്ളതു്. കൊച്ചിരാജ്യത്തിന്റെ നാനാഭാഗത്തു നിന്നും ഉന്നതവിദ്യാഭ്യാസത്തിന്നായി വരുന്ന സ്ത്രീകൾ എറണാകുളത്തു താമസിക്കുന്നതിനു സൌകര്യം കിട്ടാത്തതുകൊണ്ടു നിരാശ്രയരായി മടങ്ങിപ്പോകയാണു ചെയ്യുന്നതു്. ഇക്കൊല്ലംതന്നെ വളരെ കുട്ടികൾ മടങ്ങിപ്പോയിട്ടുണ്ടെന്നു് എനിക്കറിയാം. കുറച്ചുനാളായി സ്ത്രീകളുടെ അഡ്മിഷൻവേണ്ടി എനിക്കു പരിശ്രമിക്കേണ്ടിവന്നതുകൊണ്ടു് ആ കാര്യം ശരിയായി അറിയാൻ കഴിഞ്ഞതാണു്. ആൺകുട്ടികൾക്കാണെങ്കിൽ കൊസ്മോപൊലിറ്റൻ ഹോസ്റ്റൽ, തീയ്യാഹോസ്റ്റൽ, മുസ്ലീംഹോസ്റ്റൽ, ക്രസ്ത്യൻഹോസ്റ്റൽ മുതലായി പലേഹോസ്റ്റലുകളും ഉണ്ടു്. അവക്കു സൌകര്യം ചെയ്തുകൊടുക്കേണ്ടാ എന്നല്ല ഞാൻ പറയുന്നതു്. അവക്കു് ഇപ്പോഴത്തേതിലും കൂടുതൽ സൌകര്യം ചെയ്തുകൊടുക്കുന്നതിന്നും എനിക്കു വിരോധമില്ല. ആൺകുട്ടികളെപ്പോലെ പെൺകുട്ടികൾക്കും സൌകര്യം ചെയ്തുകൊടുക്കണമെന്നേയുള്ളൂ. ഇപ്പോഴത്തെ ലേഡീസു് ഹോസ്റ്റ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ലിൽ പത്തുപന്ത്രണ്ടു കുട്ടികൾക്കു അഡ്മിഷൻ കൊടുക്കുന്നുള്ളു. അവർക്കുതന്നെ താമസിക്കുവാനുള്ള സൌകര്യം അവിടെയില്ല. കെട്ടിടമാണെങ്കിൽ വളരെ ജീർണ്ണിച്ചാണിരിക്കുന്നതു്. ഇപ്പോൾ കോളേജിൽ അഡ്മിഷൻ കിട്ടിയിട്ടുള്ളവരിൽ തൃപ്പൂണിത്തുറ മുതലായ സ്ഥലങ്ങളിൽനിന്നു വരേണ്ടവർ ബസ്സിനും മറ്റും വന്നു് വളരെ കഷ്ടപ്പാടു" അനുഭവിച്ചാണു പഠിച്ചുപോരുന്നതു്. ഗവൺമെൻറിൽനിന്നും സാധാരണയായി പറയുന്നതുപോലെ പണമില്ല എന്നു പറയാതെ ഇതിനെപ്പറ്റി ആലോചിക്കണമെന്നാണു ഞാൻ പറയുന്നതു്. എറണാകുളത്തു കൊച്ചിയിലെ എല്ലാപെൺകുട്ടികൾക്കും പഠിച്ചുതാമസിക്കുന്നതിനു സൌകര്യപ്രദമായ വിധത്തിൽ ഒരു ഹോസ്റ്റൽ കെട്ടിടം ഉണ്ടാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അതുകൊണ്ടു കൊച്ചിയിലെ നാനാഭാഗത്തുനിന്നും വന്നിട്ടുള്ള ഈ പ്രതിനിധികളെല്ലാവരും ഈ ഉപക്ഷേപത്തെ ശക്തിയായി പിന്താങ്ങുമെന്നുവിചാരിച്ചുകൊണ്ടു" ഇതു് ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ എ. ഈച്ചരമേനോൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു. കൊച്ചിസംസ്ഥാനത്തു് സ്ത്രീവിദ്യാഭ്യാസം മറ്റുള്ള സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ അധികമാണെന്നു പറയുന്നുണ്ടു". എൻറെ ഓർമ്മയിൽ വളരെ മോശമാണെന്നു് ഡയറക്ടർ അവർകൾതന്നെ പറയുന്നുണ്ടു്.

റാവുസാഹിബു് ഐ. എൻ. മേനോൻ: പഠിക്കുന്നതിനു് ആളുകൾ ഇല്ലാഞ്ഞിട്ടാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: എങ്ങിനെയെങ്കിലും തെറ്റിത്തെറിച്ചു് ഒന്നോ രണ്ടോ സ്ത്രീകൾ ഇവിടെവന്നാൽ അവർക്കു സുഖമായി താമസിച്ചുപഠിക്കുവാൻ സൌകര്യമില്ലാതെ വരുന്നതുകൊണ്ടു് അവരും പഠിക്കാതെ കഷ്ടാവസ്ഥയിൽ ആയിതീരുകയാണു്. ഇതേവരെ ഇവിടെ പെൺകുട്ടികൾക്കു താമസിക്കുവാൻ ഉണ്ടായിരുന്ന സ്ഥലത്തു് ഒരു പേക്കു താമസിക്കാമായിരുന്നു. എന്നാൽ അടുത്തകാലത്തു് അവിടെ ഫ ഒ ആളുകൾക്കു താമസിക്കുവാൻപാടുള്ള എന്നാക്കീട്ടുണ്ടു". ഇങ്ങിനെ ആക്കാനുള്ളകാരണം ഇപ്പോഴത്തെ സ്ഥലം വളരെ മോശമാണെന്നും അതുകൊണ്ടു് വേറെ ഒരു സ്ഥലം എടുക്കേണ്ടതാണെന്നും കാണിച്ചു് ആ ഹോസ്റ്റൽ വാർഡൻ ഗവൺമെണ്ടിലേക്കു് എഴുതി. പക്ഷെ ഗവൺമെൻറു് അതനുവദിച്ചില്ല. ഗവൺമെൻറു അദ്ദേഹത്തിൻറെ ആഗ്രഹം സാധിപ്പിക്കയില്ല എന്നുവന്നപ്പോൾ അദ്ദേഹത്തിനുണ്ടായ ദ്വേഷ്യംകൊണ്ടാണു് ഇങ്ങിനെ ആക്കിയതു് എന്നാണു് എനിക്കു തോന്നുന്നതു്. ഇപ്പോഴത്തെ വാർഡൻ ഒരു നീക്കുപോക്കില്ലാത്ത ഒരാളാണത്രെ. അഡ്മിഷനുവരുന്ന കുട്ടികളുടെ താരതമ്യം നോക്കി എടുക്കുവാനുള്ള ആലോചനാശക്തി അദ്ദേഹത്തിനുണ്ടോ എന്നു സംശയിക്കത്തക്കതായി എനിക്കു തോന്നിപ്പോകുന്നു. എൻറെ രാജ്യത്തുനിന്നു് ഇക്കൊല്ലത്തിൽ ഒരു കുട്ടിവന്നിട്ടു് അവിടെ സ്ഥലമില്ലെന്നുപറഞ്ഞു. ആ കുട്ടിയെ പറഞ്ഞയക്കയാണു ചെയ്തതു്. ഏതുകുട്ടികളാണു് അടുത്തുള്ളതു്, എതാണു് അകലെനിന്നുവരുന്നതു് എന്നുനോക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ടു്.

മിസ്റ്റർ. കെ. ആർ. വിശ്വംഭരൻ: ഏതാണു് ഈ വാർഡൻ?

മിസ്റ്റർ ഐ. ഈച്ചരമേനോൻ: ഇപ്പോഴത്തെ പ്രിൻസിപ്പാൾ സായ്വാണു്: അദ്ദേഹത്തിൻറെ ആഗ്രഹം സാധിച്ചില്ലല്ലൊ എന്നുള്ള ദ്വേഷ്യം കുട്ടിക

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ളുടെ തലക്കാണ്" അദ്ദേഹം കയറിവെച്ചതു". അതുവളരെ സങ്കടാവസ്ഥയാണ്". ഈ കാര്യത്തിനു ഗവൺമെൻറ് പണമില്ലെന്നുപറയുന്നതു വളരെ കഷ്ടമായിരിക്കും. ബാക്കിയെല്ലാസെക്ഷൻസുകളും ഗവൺമെൻറ് ഈ മുനിസിപ്പാലിറ്റിയിൽ ചെയ്തുകൊടുത്തിട്ട് ഇതിനൊരു സെക്ഷൻ ഉണ്ടാക്കികൊടുക്കാത്തതു വളരെ കഷ്ടമാണ്". സ്ഥിരമായിട്ട് ഒരു ഹോസ്റ്റൽ ഉണ്ടാക്കികൊടുക്കുന്നതുവരെ ഇപ്പോഴത്തെ സ്ഥലത്തു് ഒരു കുട്ടികളെതന്നെ എടുക്കണമെന്നു ഞാൻ ഗവൺമെൻറിനോടു് ആവശ്യപ്പെടുന്നു. ഡയറക്ടർ അവർകൾ കഴിയുന്നതും വേഗത്തിൽ അതുചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. വിവേചനാശക്തിയില്ലാത്ത പ്രിൻസിപ്പാളിൻെറ ഇഷ്ടംപോലെ കാര്യംനടത്തുവാനല്ല ഡയറക്ടർ എന്നാണു് എൻെറ വിശ്വാസം. അതുകൊണ്ടു ഡയറക്ടർ അവർകൾ അതു് വേഗം ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

Mr. M. K. Devassy *(Adur):* May I know whether this was not a resolution passed by the Education Advisory Committee?

Rao Sahib I. N. Menon *(Director of Public Instruction):* I want notice.

Mr. M. K. Devassy *(Adur):* May I know whether Government have passed any orders on this resolution.

Rao Sahib I. N. Menon *(Director of Public Instruction):* I want notice.

Mr. M. K. Devassy *(Adur):* Government may take it from me that this was a resolution unanimously passed by the Advisory Committee on Education.

Rao Sahib I. N. Menon *(Director of Public Instruction):* I do not exactly remember. I said, I want notice.

Mr. T. V. Subramania Ayyar *(Nemmara):* What is the accommodation now provided in the hostel?

***Rao Sahib I. N. Menon** *(Director of Public Instruction):* The present womens' hostel is one of the old buildings which stood on the grounds we acquired for the college. By inadvertance or otherwise, this was not abolished while the new buildings were put. The Principal said that, until we can find other accommodation, let this continue. By the time the academic buildings for the college were completed, the enthusiasm for higher education seemed to have waned but for this sporadic resolutions and cut motions for this hostel moved in this Council. The hon'ble members will find from the various cut motions tabled on my budget that no money should be spent on collegiate education. It so happened that by the time the academic buildings were completed the enthusiasm had greatly waned and Government also found that their financial resources were not satisfactory and that they should not undertake any further

*Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly

construction for some time. The first warden of this hostel gave accommodation for 20 or 25 students. Later on, when the University Commissioners came and inspected, they pointed out that it is very undesirable that such a large number of ladies should be allowed to reside in this small building and subsequently, in consonance with the requirements of hygiene and health, the number is restricted to 15. So at, present only 15 students are allowed to reside there.

Mr. T. V. Subramania Ayyar *(Nemmara):* Who is the warden of this hostel?

Rao Sahib I. N. Menon *(Director of Public Instruction):* The Principal. But the person responsible is the Lady Superintendent.

Mr. C. V. Iyyu *(Kunnamkulam):* May I know what is the accommodation in the Y. W. C. A.?

Rao Sahib I. N. Menon *(Director of Public Instruction):* I have no information.

Mr. M. K. Devassy *(Adur):* Is the financial shortcoming, the reply of the Government?

Rao Sahib I. N. Menon *(Director of Public Instruction):* Some hon'ble member wanted to get some information. I was replying to him.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കോളേജു വിദ്യാഭ്യാസത്തിന്റെ ചിലവു മുഴുക്കിക്കൊണ്ടുവരുവാനാണോ പെൺകുട്ടികൾക്കു കോളേജു വിദ്യാഭ്യാസത്തിനു സൌകര്യം കൊടുക്കാതിരിക്കുന്നതു്? അല്ലെങ്കിൽ സ്ത്രീവിദ്യാഭ്യാസത്തെ പിന്നോക്കം കൊണ്ടുവരുവാനോ?

റവുസാഹിബു് ഐ. എൻ. മേനോൻ: കോളേജു കെട്ടിടത്തിന്റെ പണികഴിഞ്ഞപ്പോഴാണു് ഈ കാര്യം ഒക്കെവന്നതു്. സ്ത്രീവിദ്യാഭ്യാസം കൂടിപ്പോയി. അതുകൊണ്ടു് സ്ത്രീകൾക്കു് പകുതി ഫീസു് എന്നുള്ളതുമാറ്റി മുഴുവൻ ഫീസാക്കണമെന്നു് മെമ്പർമാർ തന്നെയാണു് ഇവിടെ ആവശ്യപ്പെടുകയുണ്ടായിട്ടുള്ളതു്. പിന്നീടു ഗവർമ്മെൻറിനു് ആകപ്പാടെ പലകാര്യങ്ങൾക്കും പണം ചിലവാക്കേണ്ടിവന്നതുകൊണ്ടു് തൽക്കാലം അതുചെയ്യില്ല എന്നേയുള്ളൂ. അതുചെയ്യുകയില്ല എന്നൊന്നും പറഞ്ഞിട്ടില്ല.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: എത്ര കുട്ടികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നുണ്ടു്?

Rao Sahib I. N. Menon *(Director of Public Instruction):* I think it is about 180.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: കോളേജു കെട്ടിടത്തിൽ ആവശ്യം കഴിഞ്ഞിട്ടു ബാക്കി സ്ഥലമുണ്ടോ?

റാവുസാഹിബു് ഐ. എൻ. മേനോൻ: ഇല്ല.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ഈ വ്യവഹാരകുട്ടികളിൽ പുറമേനിന്നു പഠിക്കുന്നവർ എത്രയുണ്ടാകും?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: നൂറിൽ താഴെയുണ്ട്.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: നൂറിൽതാഴെ എന്നുപറഞ്ഞാൽ ൻൻ എന്നു കണക്കാക്കാമോ?

Rao Sahib I. N. Menon *(Director of Public Instruction):* I may tell the hon'ble member that I had not attempted at any kind of arithmetical statistics when I said that it was below 100.

Mr. T. V. Subramania Ayyar *(Nemmara):* Will it be less than 90?

Rao Sahib I. N. Menon *(Director of Public Instruction):* I think it will be less than that.

മിസ്റ്റർ വി. ജെ. മത്തായി: ഉദ്ദേശം എത്ര കുട്ടികൾ അഡ്മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: അഡ്മിഷൻ ചോദിച്ചതിൽ പത്തുപന്ത്രണ്ടുകുട്ടികൾക്കുമാത്രം സ്ഥലം കൊടുക്കുവാൻ സാധിച്ചിട്ടില്ല.

Mr. T. V. Subramania Ayyar *(Nemmara):* I should like to support this motion moved by the Hon'ble Member for Ernakulam Ladies

സർ, ഈ പെൺകുട്ടികൾ കോളേജിൽ പഠിക്കുന്നതിൽ ഉദ്ദേശം നൂറുപേരോളം അന്യദേശത്തുള്ളവരായിരിക്കുമെന്നു ബഹുമാനപ്പെട്ട എഡ്യൂക്കേഷൻ മെമ്പർ പറഞ്ഞു. എന്റെ അനുഭവത്തിൽതന്നെ എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട ചിറയ്ക്കൽ മെമ്പർ അവർകൾ പറഞ്ഞമാതിരി ചിറയ്ക്കൽ താലൂക്കിലെ നെന്മാറയിൽനിന്നു മറ്റു പെൺകുട്ടി ഈ കോളേജിൽ പഠിക്കുവാൻ വന്നിട്ട് ഹോസ്റ്റലിൽ അഡ്മിഷൻ കിട്ടാത്തതുകാരണം കുടുംബസഹിതം ഇവിടെ താമസമാക്കിയിട്ടുണ്ട്. ഞാൻ ഇതു് അറിയാൻ കാരണം എന്നെ അവർ കണ്ടപ്പോൾ ഞങ്ങൾക്കു ഹോസ്റ്റലിൽ ചേർന്നു താമസിച്ചു പഠിക്കുന്നതിനു് അഡ്മിഷൻ കിട്ടിയില്ല. അതുകൊണ്ടു് ഇവിടെ യിലധികം ചിലവാക്കിയാണു ഞങ്ങൾ ഇവിടെ താമസിക്കുന്നതു് എന്നു് എന്നോടു് അവലാതിപറഞ്ഞതു കൊണ്ടാണു്. ഹോസ്റ്റലിൽ സൌകര്യമില്ലാത്തതുനിമിത്തം വളരെ ദൂരദിക്കിൽനിന്നു വരുന്ന പെൺകുട്ടികൾക്കു വളരെ ബുദ്ധിമുട്ടുണ്ടു്. അതുമാത്രമല്ല, പെൺകുട്ടികൾക്കു ഹോസ്റ്റൽ ജീവിതത്തിൽ നിന്നും ചില പ്രത്യേക ഗുണങ്ങൾ സിദ്ധിക്കാനുണ്ടു് എന്നുള്ളതു ഗവർമ്മെന്റു് ആലോചിക്കണം. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നസംഗതി ഗവർമ്മെന്റു് ഓർക്കണം. ആൺകുട്ടികളാണെങ്കിൽ ഹോസ്റ്റലിൽ സൌകര്യം കിട്ടിയില്ലെങ്കിൽ വേറെവല്ല ഹോട്ടലുകളിലും മറ്റും താമസിച്ചു് കോളേജിൽ പഠിച്ചുപാസ്സായിപോകാം. പെൺകുട്ടികളാണെങ്കിൽ ആണുങ്ങളെപ്പോലെയൊക്കെ വേണമെന്നു വാദിക്കുന്നുണ്ടെങ്കിലും, ഇതുപോലെ കാര്യങ്ങളിൽ അവർക്കു പ്രത്യേക സൌകര്യങ്ങളൊക്കെ വേണമെന്നാണു പറയുന്നതു്. എല്ലാ കാര്യങ്ങളിലും ആണുങ്ങളോടു സമത്വം വേണമെന്നു സ്ത്രീകൾ വാദിക്കുന്നുണ്ടെങ്കിലും ടെയിനിൽ സഞ്ചരിക്കുമ്പോഴും ബസ്സിൽ ടാവൽ ചെയ്യുമ്പോഴുംകൂടി അവർക്കു പ്രത്യേകം സൌകര്യം വേണമെന്നു പറയുന്നതുമുണ്ടു്. എന്നുമാത്രമല്ല സ്ത്രീകളുടെ കടുംമോഷണത്തെപ്പറ്റിയും മറ്റും വാദം ചെയ്യുന്നതിലുംകൂടി ചില ബഹു

LIBRARY ARCHIVES Kerala Legislative Assembly

മാനപ്പെട്ട മെമ്പർമാർ താല്പര്യം എടുത്തുകാണുന്നുണ്ട്. ഇപ്പോൾ കാളേജിൽ പഠിക്കുന്ന പെൺകുട്ടികളുടെ പരിതസ്ഥിതികളും സാഹചര്യങ്ങളും വെച്ചു നോക്കുമ്പോൾ അവർക്കു പ്രത്യേകമായിട്ട് ഒരു സ്ഥലം കൂടാതെ കഴികയില്ല. ചിറ്റൂർ താലൂക്കിൽനിന്നും തലപ്പിള്ളിതാലൂക്കിൽനിന്നും വരുന്നകുട്ടികൾക്ക് എറണാകുളത്തു താമസിക്കുവാനായി സ്ഥലസൗകര്യമുണ്ടാക്കിക്കൊടുക്കേണ്ടതു ഗവൺമെൻറിന്റെ കടമയാണ്" എന്നു ഞാൻ ഗവൺമെൻറിനോടു പറയുന്നു. അതുകൊണ്ട് ഇതു കട്ട്മോഷൻ സ്വീകരിച്ചു കഴിയുന്നതും വേഗത്തിൽ ഒരുകെട്ടിടം ഉണ്ടാക്കിക്കൊടുക്കണമെന്നു ഞാൻ ഗവൺമെൻറിനോടപേക്ഷിച്ചുകൊള്ളുന്നു.

Mr. V. K. Bhaskara Menon *(Cranganur):* May I know whether it has come to the notice of the Government that because of the lack of accommodation, girl students have been put to considerable disadvantages?

Rao Sahib I. N. Menon *(Director of Public Instruction):* Government have absolutely no intention of denying that some inconvenience has been caused for want of accommodation in the hostel. But, I would emphatically deny certain statements made by some hon'ble members. In the first place, there is the Y. W. C. A. providing accommodation for the lady students; then there is the Sadanam and there is the St. Teresa's College which allow considerable accommodation to the lady students; of the Maharaja's College as a matter of friendly gesture. So, out of nearly 100 students, a very large percentage of students has already found very respectable and comfortable shelters in one of these recognised or approved lodgings or hostels, so that the number which has been inconvenienced by lack of accommodation is not very great as it is sought to be made out. I do concede that, as matters stand at present, I think the warden had to decline accommodation to less than 12 students who had applied and it is very unfortunate that no talukwar choice was made. I think the Prinicpal ought to have looked into this. I can assure the hon'ble members of this House that in making selection of boarders in future the authorities of the college will be directed to see that as little inconvenience as possible is caused under the existing circumstances. With regard to the Hon'ble Member for Cranganur, I wish to say that there is some inconvenience felt by a small percentage of undergraduates, but it is not very considerable.

Mr. M. K. Devassy *(Adur):* Is this not a greater need than the pavilion?

Rao Sahib I. N. Menon *(Director of Public Instruction):* That is a matter of outlook. I will try to explain. We have a domestic as well as a foreign policy. With regard to our education of students we have to satisfy our needs on the one hand and we have to satisfy the University with regard to certain requirements

LIBRARY ARCHIVES Kerala Legislative Assembly

for affiliation. The University, after repeated visits of Commissioners, have said that this is one of the urgent needs which have to be satisfied and it has also been reviewed by the Medical Inspector so that we have not got a great deal of option in providing the pavilion.

Mr V. N. Damodaran Nambiar *(Trippunittura):* May I know whether the University Commission has insisted on the printing of a catalogue for the library?

Rao Sahib I. N. Menon *(Director of Public Instruction):* That question does not arise.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിന്റെ മുമ്പിലത്തെ നിയമസഭയിൽ ഇതേവിഷയം തന്നെ അന്നത്തെ സ്ത്രീ മെമ്പർ ശവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുകയും കഴിയുന്ന വേഗത്തിൽ അതിനു നിവാരണമുണ്ടാക്കിക്കൊടുക്കാമെന്നു് ശവമ്മെണ്ടു് മറുപടി പറയുകയും ചെയ്തതായിട്ടു് ഓർക്കുന്നുണ്ടോ?

റാവു സാഹിബ്ബു് ഐ. എൻ. മേനോൻ : അങ്ങിനെ അന്നു മറുപടിപറഞ്ഞിട്ടുണ്ടെന്നുണ്ടെങ്കിൽ ഇപ്പോഴും അതു തന്നെയാണു പറയുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു : മിസ്റ്റർ പ്രസിഡെണ്ടു്, സർ, ഇപ്പോഴത്തെ പരിതസ്ഥിതികളും സാഹചര്യങ്ങളും അനുസരിച്ചു് എറണാകുളത്തു വനിതാരത്നങ്ങൾക്കു താമസിക്കുവാനുള്ള സൌകര്യങ്ങൾ കുറവല്ല. വൈ. ഡബ്ലിയു. സി. എ. യിൽതന്നെ സ്ഥലം ധാരാളം ഉണ്ടു്. കൊച്ചീക്കാരായ വിദ്യാർത്ഥിനികൾക്കു് പ്രവേശം കൊടുക്കുന്ന കാര്യത്തിൽ അവിടെ മുൻഗണനകൊടുക്കുന്നുണ്ടു്. മഹാരാജാസു് കോളേജിൽ കൊച്ചീക്കാരല്ലാത്ത വിദ്യാർത്ഥിനികൾക്കു മുഴുവൻഫീസ്സു് കൊടുക്കണമെന്നുള്ള ചട്ടം വെച്ചപ്പോൾ തിരുവിതാംകൂറുകാരായ വിദ്യാർത്ഥിനികളുടെ എണ്ണം വൈ. ഡബ്ലു. സി. എ യിൽ വളരെ കുറഞ്ഞിട്ടുണ്ടു്. ഇനിയത്തെ കൊല്ലത്തിലേക്കാകുമ്പോൾ ഇപ്പോഴത്തേതിലും കുറേക്കൂടി കുറവായിരിക്കും ഇവിടത്തെ കാസ്റ്റു് ഹിന്ദുക്കളായ വിദ്യാർത്ഥിനികൾ സനാതനികളാണെങ്കിൽ കൂടി അവരോടുകൂടി ചിറ്റൂർ, തലപ്പിള്ളി മുതലായ താലൂക്കുകളിലെ ഹിന്ദു വിദ്യാർത്ഥിനികൾക്കും താമസിക്കുവാൻ സൌകര്യമുണ്ടാക്കുവുന്നതാണു്. സെൻറ്റെരിസ്യാസു് ഹോസ്റ്റലിൽ തന്നെ ഇപ്പോൾ കാസ്റ്റു് ഹിന്ദുവിദ്യാർത്ഥിനികൾക്കു താമസസൌകര്യമുണ്ടെന്നാണു് ഞാനറിയുന്നതു്. സുപ്രസിദ്ധ സനാതനിയും പണ്ഡിതാഗ്രേസരനുമായ സ്ഥാനത്യാഗം ചെയ്തു് സന്ന്യാരോഹണം ചെയ്ത വലിയതമ്പുരാൻ തിരുമനസ്സിലെ പൌത്രിക്കു് ആ ഹോസ്റ്റലിൽ താമസിക്കാമെന്നുണ്ടെങ്കിൽ കൊച്ചീരാജ്യത്തെ ഏതു സനാതനി ഹിന്ദു വിദ്യാർത്ഥിനിക്കും അവിടെ താമസിക്കുവാൻ വിരോധമില്ലാത്തതാണു്. ബഹുമാനപ്പെട്ട നെമ്മാറ മെമ്പറുടെ നിയോജകമണ്ഡലത്തിലെ ഒരു പെൺകുട്ടിക്കു് ഹോസ്റ്റലിൽ താമസിക്കുവാൻ സ്ഥലം കിട്ടിയില്ലെന്നു പറഞ്ഞുവല്ലൊ. ആ കുട്ടിയുടെ രക്ഷകർത്താക്കന്മാർ എഴുപത്തിയഞ്ചോ എഴുപത്തിയാറോ ഉറുപ്പിക ചിലവാക്കി ഇവിടെ പ്രത്യേകം വീടെടുത്തു കുട്ടിയെ താമസിപ്പിക്കേണ്ടിവന്നുവെന്നു പറയുന്നതു് ഹോസ്റ്റലിൽ കിട്ടാവുന്നതിലും അധികം സൌകര്യം ആവശ്യപ്പെട്ടതുകൊണ്ടായിരിക്കാമെന്നല്ലാതെ വേറെ കാരണമൊന്നും ഞാൻ കാണുന്നില്ല. അതുകൊണ്ടു് ആ വിവരം ബഹുമാനപ്പെട്ട നെമ്മാറമെമ്പർ ആ പെൺകുട്ടിയുടെ വീട്ടുകാർക്കു് അറിവുകൊടുക്കേണ്ടതാണു്. (ചിരി) തൽക്കാലത്തെ പരിതസ്ഥിതികളനുസരിച്ചു് ഇവിടെ ഒരു ശവമ്മെണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ലേഡീസ് ഹോസ്റ്റൽകൊണ്ടു് ഒഴിച്ചുകൂടാത്ത ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഴുള്ള ഹോസ്റ്റൽ കൊണ്ടുതന്നെ സമീപപ്രദേശത്തെയും ദൂരപ്രദേശത്തെയും കുട്ടികൾക്കു താമസിക്കുവാൻ ധാരാളം മതിയാകുന്നതാണു്. ഇപ്പോഴുള്ള സൗകര്യങ്ങൾ ഹോസ്റ്റലുകളിൽ ഭക്ഷണച്ചിലവിന്റെ കാര്യം നോക്കുകയാണെങ്കിൽ വിദ്യാർത്ഥികൾക്കു പുറമെയുള്ള ഹോസ്റ്റലുകളിൽ നിന്നും കിട്ടുന്നതിനെക്കാൾ ഒ ൦ ശതമാനം കൂടുതലായിരുന്നുണ്ടു്. ഹിന്തുഹോസ്റ്റൽ, കാസ്മപോളിടൻ ഹോസ്റ്റൽ, കൃസ്ത്യൻ ഹോസ്റ്റൽ എന്നിവിടങ്ങളിൽ താമസിക്കുന്ന കുട്ടികൾതന്നെ അവിടത്തെ സൂപ്രണ്ടിന്റെ ശമ്പളവുംകൂടി കൊടുക്കുന്നതുകൊണ്ടു് അവരെ ഞെക്കിപ്പിഴിഞ്ഞു് വളരെ കഷ്ടത്തിലാക്കുന്നതു നിമിത്തമാണു് ഇപ്രകാരം സംഭവിക്കുന്നതു്. അതുകൊണ്ടു് ഹോസ്റ്റലുകൾ വിദ്യാർത്ഥികൾതന്നെ നടത്തിക്കൊള്ളട്ടെ എന്നു വിചാരിച്ചു് അതിന്റെ ചുമതല സർക്കാർ അവർക്കു വിട്ടുകൊടുക്കണം. ഇനിയും ഹോസ്റ്റലുകൾ കൂടുതലായി ഉണ്ടാക്കാതെ ഉള്ള ഹോസ്റ്റലുകൾകൊണ്ടുതന്നെ കഴിയുന്നതും വിദ്യാർത്ഥികൾക്കു ചില വ്യവസ്ഥകൾ താമസിക്കുവാനുള്ള സൌകര്യങ്ങളാണു് ഉണ്ടാക്കേണ്ടതു്. ബഹുമാനപ്പെട്ട ലേഡി മെമ്പറുടെ ഒരു ഉപക്ഷേപമായതുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നില്ലെന്നേയുള്ളൂ. എനിക്കു് അവരോടു് ഇതു പ്രസ്താവിക്കുവാതെ പിൻവലിക്കണമെന്നു മാത്രമേ അപേക്ഷയുള്ളൂ.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ : സർ, ഡയറക്ടർവർക്കും പ്രസ്താവിക്കുകയുണ്ടായി പ്രിൻസിപ്പാൾ ന്റ കൂട്ടികളിൽ താഴെയുള്ള.....

റാവുസാഹിബു് ഐ. എൻ. ശേനോൻ : ഒരു ഡസൺ എന്നാണു പറഞ്ഞതു്.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: പ്രിൻസിപ്പാളിന്റെ ഫ കുട്ടികളിൽ താഴെമാത്രമേ അഡ്മിഷൻ കൊടുക്കാതിരിക്കേണ്ടി വന്നിട്ടുള്ളൂ എന്നു പറയുന്നു. പന്ത്രണ്ടു കുട്ടികളുടെ അപേക്ഷകൾ മാത്രമേ നിരസിച്ചിട്ടുള്ളൂ എന്ന കാരണംകൊണ്ടു് അതിൽ കൂടുതലായുള്ള അപേക്ഷക്കാർ ഇല്ലെന്നോ അവിടെ വേണ്ടത്ര സൌകര്യമുണ്ടെന്നോ ബഹുമാനപ്പെട്ട ഈ സഭസ്സു് ധരിക്കരുതെന്നാണു് എനിക്കു ബോധിപ്പിക്കുവാനുള്ളതു്. തൃപ്പൂണിത്തുറയിൽ നിന്നു് ഉദ്ദേശം പത്തുമുപ്പതു കുട്ടികൾ ദിവസേന എറണാകുളത്തേക്കു വന്നു പഠിച്ചു പോകുന്നുണ്ടു്. അവരിൽ എട്ടുപത്തുപേർ സ്ത്രീകളാണെന്നാണു് എന്റെ അറിവു്. അവർക്കു് ഇവിടെ വന്നു പഠിക്കുന്നകാര്യത്തിൽ വളരെ ഒരു ബുദ്ധിമുട്ടുകൂടി ഇപ്പോൾ അനുഭവിക്കേണ്ടിവരുന്നുണ്ടു്. സാധാരണ തൃപ്പൂണിത്തുറയിൽ നിന്നും ബസ്സു് സർവ്വീസ്സു് പത്തു മിനിട്ടിലൊരിക്കലുണ്ടായിരുന്നു. അങ്ങിനെയാണെങ്കിൽതന്നെയും കാലത്തു് എട്ടു മണിക്കു് അവർ അവിടെനിന്നു് ഊണുകഴിച്ചു് ബസ്സു് സ്റ്റാന്റിൽ വന്നു കാത്തുനിന്നാൽ മാത്രമേ ഇവിടെ ഫ ൦ മണിക്കു കോളേജിൽ വന്നു ചേരുവാൻ സാധിച്ചിരുന്നുള്ളൂ. ഈ ബുദ്ധിമുട്ടുകളെല്ലാം സഹിച്ചാണു് കുട്ടികൾ ഇവിടെ പഠിക്കുവാൻ വരുന്നതു്. ഈ അടുത്തകാലത്തായി ബസ്സു് ൨൦ മിനിട്ടിൽ ഒരിക്കൽ മാത്രമേ കമ്പനിക്കാർ ഓടിക്കുന്നുള്ളൂ. അതുകാരണം കുട്ടികൾക്കു നേരം വെളുത്താൽ ൬ മണിക്കുതന്നെ ഊണുകഴിച്ചു് പുറപ്പെടേണ്ടതിനുള്ള ശ്രമം തുടങ്ങേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽതന്നെയും ഒരു മണിക്കൂർ ചിലപ്പോൾ താമസിച്ചേ അവർക്കു് ഇവിടെ എത്തുവാൻ സാധിക്കുന്നുള്ളൂ. ഈ വിവരം ഞാൻ പോലീസ് കമ്മീഷണരവർകളെ ധരിപ്പിക്കുകയും അദ്ദേഹം ട്രാഫിക്കിന്റെ കാര്യത്തിൽ കഴിയുന്ന സഹായങ്ങൾ ചെയ്തുതരാമെന്നു പറയുകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു് പത്തു പന്ത്രണ്ടു പേക്കു മാത്രമേ അഡ്മിഷൻ നിരസിക്കേണ്ടി വന്നിട്ടുള്ളു എന്നുള്ള കാരണംകൊണ്ടു് അതിൽ കൂടുതൽ അപേക്ഷകരില്ലെന്നു തീരുമാനിക്കുന്നതു ശരിയല്ലെന്നാണു്. നെമ്മാറയിലുള്ള ഒരു പെൺകുട്ടി അഡ്മിഷനു് അപേക്ഷിച്ചിട്ടു കൊടുത്തിട്ടില്ലെന്നു പറയുമ്പോൾ എറണാകുളത്തു നിന്നു് ഒരു നാഴികമാത്രം ദൂരമുള്ള തൃപ്പൂണിത്തുറയിലെ ഒരു കുട്ടി അപേക്ഷിച്ചാൽ അഡ്മിഷൻ കിട്ടുമോ? ഇവിടെ പഠിക്കുവാൻ വരുന്നവക്കു് ഇവിടെതന്നെ താമസിക്കുന്നതായിരിക്കും നല്ലതു്. കാലത്തു് ൯-൦, ൫-൦, മണിക്കു് ഉദ്യോഗം കഴിച്ചു് പുറപ്പെടേണ്ട ബുദ്ധിമുട്ടു് പഠിത്തകാര്യത്തിൽവലിയ ബുദ്ധിമുട്ടതന്നെയാണു്. ഇതിനെല്ലാം പുറമെ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ സർവ്വാധികാരിയുടെ പുത്രിക്കു് ഹോസ്റ്റലിൽഅഡ്മിഷൻ ആവശ്യപ്പെട്ടിട്ടു കൊടുത്തില്ല എന്നു പറയുന്നു. ഇതു പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ പുത്രിക്കു് ഈ നിസ്സാരമായ സൌകര്യം കൊടുത്തില്ലെങ്കിൽ സാധാരണക്കാക്കു കൊടുക്കുമോ? അപേക്ഷിച്ചാൽ കിട്ടുകയില്ലെന്നുള്ള പൂർണ്ണബോദ്ധ്യംകൊണ്ടുമാത്രമാണു് ആരും അപേക്ഷിക്കാതിരിക്കുന്നതു". അതുകൊണ്ടു് അപേക്ഷകന്മാരായി ഇപ്പോഴുള്ളതിൽ കൂടുതൽ വിദ്യാർത്ഥിനികൾ ഇല്ലെന്നുബഹുമാനപ്പെട്ട ശവമ്മെണ്ടും ഈ സഭയും വിചാരിച്ചു പോകരുതെന്നു മാത്രമേ എനിക്കപേക്ഷയുള്ളു. ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

Mr. M. K. Devassy *(Adur):* Sir, on a point of information, is it a cosmopolitan or Caste-Hindu Hostel?

Rao Sahib I. N. Menon *(Director of Public Instruction):* It is a cosmopolitan hostel.

Mr. M. K. Devassy *(Adur):* I wish to support this cut motion. I am extremely sorry that my Hon'ble Friend, Mr. C. V. Iyyu, wanted to belittle the seriousness of the discussion on this cut motion. He started on the assumption that this hostel is purely intended for Caste Hindu students. From the information which I received from the Treasury Bench now, I think, I am in a position to say that the statement of my Hon'ble Friend Mr. C. V. Iyyu that it is a caste Hindu Hostel is not at all correct. My friend says that there is the St. Teresa's College Hostel which will provide facilities for the daughter of the Director of Public Instruction. He says, if that Hostel provide facilities for students, no difficulty or inconvenience is caused to the lady students for want of a building. I wish to correct my hon'ble friend and say that any hostel which refuses admission to any number of students will try its best to find accommodation for the daughter of the Director of Public Instruction. Anybody can expect that any institution which has sound wisdom in conducting matters will extend some privileges to the daughter of a respectable officer of the State. But you cannot expect that the same privileges will be extended to an ordinary student.

Sir, I did not want to intervene in this discussion at all except for another important principle involved in this. I wish to point out

LIBRARY ARCHIVES Kerala Legislative Assembly

before this House that this is a resolution once passed by the Education Advisory Committee. During the last two years' experience of mine in the Committee, I am in a position to assure this House that the resolutions that have been brought before the Committee have been very minutely scrutinised by the Committee before they are passed. The number of resolutions which have been so passed have been so few that one fails to understand how the Government can find its way to delay passing orders on such resolutions or to reject the resolutions passed by the Committee. I wish to emphasise this aspect more, because the appointment of these Committees by the Government has been considered to be a great land mark in the constitutional progress of Cochin State. A few years ago the appointment of these Committees were considered to be a very great constitutional advancement.

Mr. T. V. Subramania Ayyar *(Nemmara):* It was proclaimed to be so.

Mr. M. K. Devassy *(Adur):* Yes. Now, in view of the proclamation and the so called constitutional advancement underlying the appointment of these Advisory Committees, if the Government means what they say, and if the Government thinks that these Advisory Committees should have any power with them, the Government has no option but to accept the resolutions passed by the Advisory Committee. I wish to inform the House that even in the case of resolutions which had the unanimous approval of the Committee, on being placed *suo motto* by the Government before the Committee, it is a pity to note that the Government Proceedings go against the resolutions without informing the committee again. I had occasions to place this matter myself—and my friend Mr. V. K. Krishnankutty also knows that—before the Diwan in a certain school question. When the matter was placed before the Committee and the Committee passed the resolution, it so happened that the orders were passed against the resolution, without the Committee being given a second chance of considering this question. I wish to correct this procedure and say that if you want this Committee to be of any use, if you mean that the members of this Committee should serve in an honourable fashion and with a sense of responsibility, it is equally the duty of the Government to respect the views of the Committee. It is certainly agreed that a resolution of this sort which was passed by the Committee and which has been the subject matter of repeated discussion by this House should not be left out in such a light-hearted manner.

Mr. T. V. Subramania Ayyar *(Nemmara):* Was it passed?

LIBRARY ARCHIVES Kerala Legislative Assembly

Mr. M. K. Devassy *(Adur):* Yes. It was unanimously passed by the Committee. Now, barring this aspect of the question, I wish to state that, in the affairs of the College, it is high-time that this Council should bestow greater attention. Several items of expenditure we have found regarding the College in this year's budget. One doubts very much whether these items deserve the support of this House. One doubts whether the items included in this year's budget deserve a more comparative importance than this Hostel question. When I referred to the pavilion question the Hon'ble Member for Education was saying that the University insisted upon it and therefore Government sanctioned it. I believe, it is equally the duty of the University to insist upon facilities being given to lady students for a hostel. It is against the very fundamental principles recognised by the University to say that the University insists only upon the need for the pavilion and not for the lady hostel. One fails to see how the Government can attach greater importance to catalogues and pavilions when compared with the pressing need for a hostel. Is it not a matter of disgrace to the Government that when students coming from distant parts like Nemmara and seeking admission in a hostel, they should be sent out saying there is no accommodation? I can understand this in the case of male students. They can find accommodation anywhere, and they are not going to be harmed. A Government which proclaims to do all that it can for female education say, "you have no admission here", when they seek admission to a hostel. This is, Sir, a very unsatisfactory state of affairs. I would like to invite the serious attention of the Government to this question not only as a cut motion introduced in this legislature but also in view of the other constitutional implications that underlie this. With these few words, I support the motion before the House.

Rao Sahib I. N. Menon *(Director of Public Instruction):* Sir, on a matter of personal explanation. The hon'ble member seems to think that my daughter got accommodation in the St. Teresa's Convent hostel, because she is my daughter. For one thing, I may say that she has nothing to do with the Maharaja's College. She joined as a student of the Convent and is studying there. She was admitted in the Convent and has grown in the Convent.

Mr. M. K. Devassy *(Adur):* On a point of personal explanation. I did not mean any reflection on the Director or the Maharaja's College Hostel or the St. Teresa's Convent Hostel. What I meant is that the arguments.....

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi):* There was some insinuation in your speech.

Mr. M. K. Devassy *(Adur):* You are absolutely wrong. If there is any insinuation, the Hon'ble Member for Chalakkudi may take it from me that I am prepared to withdraw the same earlier than my friend. My Hon'ble Friend, the Member for Kunnamkulam, was saying that the Director's daughter was able to find a comfortable accommodation in the Convent. He stressed on that point. Mr. Subramania Ayyar was saying that a student from Nemmara was not able to find any accommodation anywhere.

Rao Sahib I. N. Menon *(Director of Public Instruction):* I am only making a personal explanation.

Mr. M. K. Devassy *(Adur):* I never meant any insinuation on the Director.

Rao Sahib I. N. Menon *(Director of Public Instruction):* I only wanted to say that the hon'ble members have no reason to get themselves acquainted with my domestic affairs. I wanted to explain what the member said. If a Sanatani like so and so can stay there why not another Sanatani stay there?

മിസ്റ്റർ വി. ജെ. മത്തായി: ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതിനു മുമ്പായിട്ട് ഒരു സംഗതി ഈ മഹാസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു. കളിയായിട്ടും കാര്യമായിട്ടും നാം ഓരോ വ്യക്തികളുടെ പേർ ഇവിടെ പറയുന്നതു് ഒരുമാതിരി സാധാരണയായിട്ടുണ്ടു്. പൊതുകാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോഴും അല്ലാത്തപ്പോഴും ആ പ്രതിപാദ്യവിഷയങ്ങളിലെല്ലാം നടത്തുന്ന വാദങ്ങൾ എപ്പോഴും ഒരു ഉയർന്നനിലയിൽ കൊണ്ടുവരണമെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷന്റെ മകളെ കാൺവെന്റിലാക്കിയാലും ഇല്ലെങ്കിലും അതിനു് ഇതിൽ സ്ഥാനമില്ല. ആ കുട്ടിയെ കോൺവെന്റുകാർ ഏതുനിലയിൽ സ്വീകരിച്ചുവെന്നോ എന്തെല്ലാം സംഗതിവശാലാണു സ്വീകരിച്ചതെന്നോ ഉള്ള കാര്യങ്ങൾ കൊച്ചിരാജ്യത്തിലെ പൊതുരാവലിക്കു് അറിയേണ്ട ആവശ്യമോ, അതിലേക്കുവേണ്ടി ശ്രദ്ധയുമായ കാര്യങ്ങളിൽ പ്രവേശിക്കേണ്ട നാം നമ്മുടെ സമയത്തെ അനാവശ്യമായി വ്യയം ചെയ്യേണ്ട ആവശ്യമോ ഇല്ല. ഈ സംഗതി നാം എന്നെന്നേക്കും ഓർത്തിരിക്കേണ്ടതാണെന്നു പറയുവാനായിട്ടാണു ഞാൻ ഇവിടെ എഴുന്നേറ്റു നില്ക്കുന്നതു്.

മിസ്സിസ് മേനോൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തിൽ വളരെ ശ്രദ്ധയുമായ സംഗതികൾ അന്തർഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും കൂടി ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുകയാണു ചെയ്യുന്നതു്.

Mr. V. K. Aravindaksha Menon *(Chief Engineer):* The reason why Government have not taken up the construction of the hostel is on account of the fact that they are under the belief that there are three or four separate institutions that take up lady students

LIBRARY ARCHIVES Kerala Legislative Assembly

for boarding and lodging. They are the local Sadanam which accommodates about 20 students, the Government hostel which accommodates 15 students, the Y. W. C. A. and the St. Teresa's Convent. I do not think any member of this House would require that the Government should provide accommodation for all the girls studying in the Maharaja's College. They are only expected to give a reasonable amount of convenience to a proportion of the girls who stand in need of it.

Mr. V. K. Bhaskara Menon *(Cranganur):* Then, why don't you have it for 2 students?

Mr. V. K. Aravindaksha Menon *(Chief Engineer):* Out of 80 students who come from outside, if accommodation is given for 60, then, I think, it is a fairly reasonable percentage. All of us have gone to Madras as students, but we all did not get accommodation in hostels. We stay outside in rented houses. I shall certainly go into the other question viz., making the present hostel building better. The repairs necessary to make the present building more comfortable will be attended to. I request that in the circumstances the member may be pleased to withdraw the motion.

*മിസ്സിസ് തങ്കമ്മ എൻ. മേനോൻ: ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പറുടേയും എഡ്യൂക്കേഷൻ മെമ്പറുടേയും മറുപടി കേട്ടതിൽ എനിക്കു വളരെ അത്ഭുതമാണ് തോന്നുന്നതു്. ഫസ്റ്റ് പെൺകുട്ടികളോടും അഡ്മിഷനു് അപേക്ഷിച്ചതിൽ ഫൈ കുട്ടികൾക്കു മാത്രം അഡ്മിഷൻ കൊടുക്കുകയും ബാക്കിയുള്ളവർ വേറെ എവിടെയെങ്കിലും പോയി താമസിച്ചു കൊള്ളട്ടെ എന്നു വെക്കുകയുമാണു ചെയ്തിട്ടുള്ളതു്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: പിന്നെ വഴിയിൽകൂടിയും ധാരാളം നടക്കുന്നുണ്ടു്. (ചിരി)

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: വൈ. ഡബ്ലിയു. സി. എ., സദനം, ലേഡീസ് അസോസിയേഷൻ എന്നിങ്ങിനെ മൂന്നു നാലു് എണ്ണം ഉണ്ടായിട്ടും അനവധി കുട്ടികൾക്കു് അഡ്മിഷൻ കിട്ടാതെ പറഞ്ഞയക്കേണ്ടിവന്നിട്ടുണ്ടു്. ഇതു ഞാൻ എന്റെ സ്വന്ത അനുഭവമാണു പറയുന്നതു്. നെന്മാറയിൽനിന്നും ഒരു പെൺകുട്ടി അഡ്മിഷൻ കിട്ടാഞ്ഞതുകൊണ്ടു ഫൈ, ഫാദർ ശുപാർശയോടും ചിലവാക്കി വന്നു താമസിച്ചു പഠിക്കുന്നുണ്ടെന്നു് ഇവിടെ പറയുകയുണ്ടായി. ഈ ഹോസ്റ്റലുകളെല്ലാം നടക്കുന്നുണ്ടെങ്കിലും അവിടെ താമസിച്ചു കുട്ടികൾക്കു പഠിക്കുന്നതിനുള്ള യാതൊരു സൌകര്യങ്ങളും ഗവർമ്മെണ്ടു ചെയ്തിട്ടില്ല. ഈ സംഗതിയെക്കുറിച്ചു പറയുമ്പോഴെല്ലാം എല്ലാം കൊല്ലവും ആലോചിക്കാം, ആലോചിക്കാം എന്നു പറയുന്ന മാതിരി ഇപ്പോഴും മറുപടി പറയുകയാണെങ്കിൽ ഞാൻ സമ്മതിക്കുകയില്ല. ഞാൻ ഇതു പുഷ്ചെയ്യുക തന്നെ ചെയ്യുന്നു.

Motion put and carried

* Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly